**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1638** **19-09-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എടച്ചേരി ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ (എൽ2/105/22) ഫയലിന്മേൽ വകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് ജില്ലയിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിൽ സർവ്വേ നമ്പർ 163/5-ൽ ഉൾപ്പെട്ടു വരുന്ന 50 സെന്റ് ഭൂമിയിൽ നിന്നും 10 സെന്റ് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ട് നൽകുന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് RE3/94/2022-LSGD നമ്പർ ഫയൽ അയച്ചു നൽകിയിരുന്നു. ഈ വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം എടച്ചേരി ദേശത്ത് റീ സ 214/21 (പ.സ 163/5) ൽ ഉൾപ്പെട്ട 18.33 ആർ പുറമ്പോക്ക് ഭൂമി എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലും അനുഭവത്തിലും ഉള്ള ഭൂമിയാണ്. GO(Ms) No.163/1969/RD നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഓഫീസ് നിർമ്മാണത്തിനായി ഭൂമി കൈമാറ്റ പ്രകാരം അനുവദിച്ച ഭൂമിയാണ്. ഭൂമി കൈമാറ്റ പ്രകാരം അനുവദിച്ചതാകയാൽ തന്നെ റവന്യൂ രേഖകളിൽ മാറ്റം വരുത്താതെ സർക്കാർ പുറമ്പോക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിൻറെ അനുമതിയോടെ പ്രസ്തുതഭൂമിയിൽ നിന്നും പത്ത് സെന്റ് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ